അഗ്രികാർഡ്

114 (1516) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കർഷകർക്ക് വിതരണം ചെയ്യുമെന്ന് നടപ്പ് ബഡ്ജറ്റിൽ പറഞ്ഞിരുന്ന അഗ്രി കാർഡ് വഴി എന്തൊക്കെ സൗകര്യങ്ങളാണ് കർഷകർക്ക് ലഭിക്കുന്നത് ; എത്ര കർഷകർക്കാണ് പ്രസ്തുത കാർഡ് വിതരണം ചെയ്യുവാൻ തീരുമാനിച്ചിരുന്നത് ; നാളിതുവരെയായി എത്ര കർഷകർക്ക് പ്രസ്തുത കാർഡ് വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കർഷകർക്കായുള്ള സർക്കാർ പദ്ധതികളുടെ ആനുകൂല്യങ്ങൾ, കുറഞ്ഞ നിരക്കിലുള്ള ബാങ്ക് വായ്പകൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള അടിസ്ഥാന രേഖയായി അഗ്രികാർഡ് പരിഗണിക്കുന്നുണ്ട്. 18.75 ലക്ഷം കർഷകർക്കാണ് അഗ്രികാർഡ് വിതരണം ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നത്. അതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി കാനറാ ബാങ്കിനെ നോഡൽ ബാങ്കായി നിയമിച്ചിട്ടുണ്ട്. കാർഡ് വിതരണത്തിനുള്ള നടപടികൾ കാനറാ ബാങ്ക് സ്വീകരിച്ചുവരുന്നു.

ഇടുക്കി ജില്ലയിൽ ഒഴിഞ്ഞുകിടക്കുന്ന കൃഷി ഓഫീസർ തസ്തികകൾ

115 (1518) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ കൃഷി ഓഫീസർ തസ്തിക ഒഴിഞ്ഞുകിടക്കുന്ന എത്ര കൃഷി ഓഫീസുകൾ ഉണ്ട് ; വിശദാംശം നൽകാമോ ;

(ബി) കൃഷി ഓഫീസർമാർ ഇല്ലാത്തതിനാൽ പഞ്ചായത്ത് ജനകീയാസൂത്രണം, കൃഷി വകുപ്പ് എന്നിവ മുഖേന ജനങ്ങൾക്ക് ലഭിക്കേണ്ട സേവനം നഷ്ടപ്പെടും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം നൽകാമോ ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ വണ്ടിപ്പെരിയാർ സ്റ്റേറ്റ് വെജിറ്റബിൾ ഫാമിലും വട്ടവട, ഉടുമ്പൻചോല, കരുണാപുരം, പുറപ്പുഴ എന്നീ കൃഷി ഭവനുകളിലും കൃഷി ഓഫീസർ തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly